പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : റ്റി 2419

18/06/2014-ൽ മറുപടിയ്ക്ക്

**ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനുള്ള സുരക്ഷ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനു വേണ്ട അതീവ സുരക്ഷ അട്ടിമറിച്ചതായുള്ള പരാതി പരിശോധിച്ചിരുന്നോ; | എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) വിദഗ്ധ സമിതി ക്ഷേത്ര സ്വത്ത് പരിശോധിക്കുന്നത് തടയാൻ ഒരു രാഷ്ട്രീയ പാർട്ടി ശ്രമിച്ചെന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, ആ പാർട്ടി നിയമവിരുദ്ധമായി കൈവശം വെച്ചിരിക്കുന്ന ക്ഷേത്രത്തിന്റെ കെട്ടിടം ഒഴിപ്പിക്കാനും അന്യായമായ ഇടപെടലുകൾ ഇല്ലാതാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) വിദഗ്ധ സമിതി ക്ഷേത്ര സ്വത്ത് പരിശോധിക്കുന്നത് തടയാൻ ഒരു രാഷ്ട്രീയ പാർട്ടി ശ്രമിച്ചെന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സുരക്ഷാ കാരണങ്ങളാൽ ശ്രീപത്മനാഭ സ്വാമി ക്ഷേത്ര മതിലിനോട് ചേർന്നുള്ള കെട്ടിടങ്ങളിലെ താമസക്കാരെയും സ്ഥാപനങ്ങളെയും ഒഴിപ്പിക്കേണ്ടത് ആവശ്യമായതിനാൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും മേൽപറഞ്ഞ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ക്ഷേത്രം അധികാരികൾക്ക് കത്ത് നൽകിയിട്ടുള്ളതും കൂടാതെ ബഹു. സുപ്രീം കോടതി പുതിയതായി നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർപേഴ്സനും ഇത് സംബന്ധിച്ചു തുടർ നടപടികൾ സ്വീകരിക്കുവാൻ വേണ്ടി കത്തുകൾ നൽകിയിട്ടുമുണ്ട്. |
| സി) ക്ഷേത്ര ഭരണ സമിതിക്കും, രാജകുടുംബത്തിനുമെതിരായ പരാതികളിൽ കേസ്സെടുക്കാൻ നിർദ്ദേശം നൽകുന്നതിന് വിമുഖത കാണിക്കുന്നതായും ആസിഡ് ആക്രമണമുൾപ്പെടെയുള്ള കേസുകൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ? | സി) നിലവിലുള്ള കേസുകൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ശ്രീപത്മനാഭദാസ് എന്നയാളെ ആസിഡ് ഒഴിച്ച് അപായപ്പെടുത്താൻ ശ്രമിച്ചു എന്നും ഇതിനെതിരെ നടപടി സ്വീകരിക്കണം എന്നാവശ്യപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയെ നേരിൽ കണ്ട് പല പ്രാവശ്യം പരാതിപ്പെട്ടെങ്കിലും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലെന്ന് കാണിച്ച് 2009 -ൽ ടിയാൻ ഒരു പരാതി അന്നത്തെ ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ചിരുന്നു. |

കൂടാതെ ആസിഡ് ആക്രമണവുമായി ബന്ധപ്പെട്ട് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 669/2007 u/s 308 & 34 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. അകാരണമായി കേസ് പിൻവലിയ്ക്കാൻ ഫോർട്ട് പോലീസ് നിർബന്ധിക്കുകയാണെന്നും പത്മനാഭദാസൻ പ്രസ്തുത പരാതിയിൽ പറഞ്ഞിരുന്നു. മുൻ സർക്കാർ ഈ പരാതിയിൽ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഇപ്പോൾ 22/04/2014 തീയതിയിലെ PHQ Order No. D1-41635/2014 പ്രകാരം അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് സി.ഐ.ഡി യിൽ ക്രൈം നമ്പർ 61/CR/OCW-1/TVPM/2014 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ